MONDAY 24-10-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Saritha Vijayan K



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/10/2022.

1. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിൽ മാടപ്പള്ളി കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്റർ, കർമസേന എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾ കണ്ടെത്തി സർവീസ് സെന്റർ മുഖേന കർഷകർക്ക് ചെയ്തു നൽകുന്നതിനും അഗ്രോ സർവീസ് സെന്റർ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുന്നതിനും താല്പര്യമുള്ള കോട്ടയം ജില്ലയിൽ സ്ഥിരതാമസക്കാരായ ആളുകളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. ബിഎസ്‌സി അഗ്രികൾച്ചർ അല്ലെങ്കിൽ അഗ്രികൾച്ചർ എൻജിനീയറിങ് അല്ലെങ്കിൽ വി എച്ച് എസ് സി അഗ്രിയും അഞ്ചുവർഷത്തെ പ്രവർത്തനപരിചയം അല്ലെങ്കിൽ കൃഷി ഡിപ്ലോമയോ മെക്കാനിക്കൽ എൻജിനീയറിങ് ബിരുദവും മൂന്നു വർഷത്തെ പ്രവർത്തന പരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം ഒക്ടോബർ 29 നകം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, നാലുകോടിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിവകുപ്പിയിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് മുൻഗണന നൽകുന്നതാണ്. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും 9383470701/0481 - 2446133 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് മാടപ്പള്ളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

2. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട നാടൻ തെങ്ങിൻ തൈകൾ ഒന്നിന് 110 രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 താഴെപറയുന്നഫോൺ നമ്പറിൽ ബന്ധപ്പെടുക

3. കേരള കാർഷിക സർവകലാശാലയുടെ കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം സംസ്ഥാന ഫലമായ ചക്കയുടെ വിവിധ നാടൻ ഇനങ്ങൾ കണ്ടെത്തുവാനും അവയെ സംരക്ഷിക്കുവാനും ഒരു ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷക പങ്കാളിത്തത്തോടെ കൂടിയുള്ള ഗവേഷണ പദ്ധതിയിലേക്ക് ആയി കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങൾ ഉള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉള്ള കർഷകർ ഇവയുടെ വിവരങ്ങൾ **8137840196** എന്ന ഫോൺ നമ്പറിൽ വിളിച്ചോ,

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വാട്സാപ്പ് സന്ദേശമായോ വിവരങ്ങൾ തരണമെന്ന് സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു .

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഫാം പ്ലാൻ അധിഷ്ഠിത പദ്ധതി പ്രകാരം സമ്മിശ്രകൃഷി പ്ലോട്ടുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കൃഷിയിടത്തിലെ പരിമിതികൾ പരിഹരിക്കുന്നതിനും ധനസഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാൻ താൽപര്യമുള്ള മുഹമ്മ, കഞ്ഞിക്കുഴി, ചേർത്തല തെക്ക്, മാരാരിക്കുളം നോർത്ത്, തണ്ണീർമുക്കം, കടക്കരപ്പള്ളി, ചേർത്തല മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ കർഷകർ ഈ മാസം 27-നകം (ഒക്ടോബർ 27) അതാത് കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണമെന്ന് ചേർത്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

5. നെടുമങ്ങാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇന്റേൺഷിപ്പിന് ഡിപ്ലോമ ഇൻ അഗ്രികൾച്ചർ, അല്ലെങ്കിൽ വിഎച്ച്എസ്ഇ അഗ്രി, അല്ലെങ്കിൽ ഓർഗാനിക് ഫാമിങ് അഗ്രികൾച്ചർ എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രവർത്തന കാലയളവ് 2022 നവംബർ മുതൽ 2023 മാർച്ച് മാസം 31 വരെ. യോഗ്യരായ ഉദ്യോഗാർത്ഥികൾ അപേക്ഷയും വിശദമായ ബയോഡേറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഈ മാസം 27ന് (ഒക്ടോബർ 27) രാവിലെ 10 മണിക്ക് നെടുമങ്ങാട് വേങ്കവിള ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0472 2802011, 9383470149** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കൊളേജിലെ അഗ്രോണമി, അഗ്രികൾച്ചറൽ സ്റ്റാറ്റിറ്റിക്സ് വിഷയങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുകൾ ഉണ്ട്. നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 29.10.2022 ന് രാവിലെ 10 മണിയ്ക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒന്നിന് അഞ്ച് രൂപ നിരക്കിൽ ഈ മാസം 21-10-2022 , 25-10-2022, 28-10-2022 എന്നീ തീയതികളിലും നവംബർ മാസം 1-11-2022, 4-11-2022 തീയതികളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണിവരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. കേരള കാർഷിക സർവ്വകലാശാലയും ICAR-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും സംയുക്തമായി 2022 നവംബർ മാസത്തിൽ മീൻ വളർത്തൽ, മീൻ പിടുത്തത്തിലെ നൂതന സാങ്കേതിക വിദ്യകൾ, മീൻ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ എന്നിവയിൽ കൃഷിവിജ്ഞാനകേന്ദ്രം പട്ടാമ്പിയിൽ വെച്ച് സൗജന്യമായി പരിശീലനം നൽകുന്നു. ജില്ലയിലെ പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമാണ് സൗജന്യപരിശീലനം. പ്രായോഗിക പരിശീലനവും അനുബന്ധ ഫീൽഡ് സന്ദർശനവും ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 26-ന് (ഒക്ടോബർ 26) **പോത്തുവളർത്തലിൽ** പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ ഓഫീസ് സമയങ്ങളിൽ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.